അനുഭവം

ടി.പി ശംസുദ്ദീന്‍ ഇരിമ്പിളിയം

# ഹാജിസാഹിബും ഇരിമ്പിളിയവും

**ജമാഅത്ത്** അംഗത്വം സ്വീകരിച്ച് കേരള ജമാഅത്തിന്റെ പ്രഥമ അമീര്‍ വി.പി മുഹമ്മദലി എന്ന ഹാജി സാഹിബ് പഠാന്‍കോട്ടില്‍നിന്ന് നാട്ടില്‍ തിരിച്ചെത്തിയ ശേഷം ഇരിമ്പിളിയവുമായി നിരന്തര സമ്പര്‍ക്കം പുലര്‍ത്തിപ്പോന്നിരുന്നു. അപ്പോള്‍ ഈയുള്ളവന്‍ നാലാം ക്ലാസ്സിലോ അഞ്ചാം ക്ലാസ്സിലോ പഠിക്കുകയാണ്. ജമാഅത്ത് അംഗവും എന്റെ മാതൃപിതാവുമായ അവറാന്‍ മൊല്ല (അബ്ദുര്‍റഹ്മാന്‍)യെ കാണാന്‍ ഹാജി സാഹിബ് ഇടക്കിടെ വീട്ടില്‍ വരുമായിരുന്നു. പല കാര്യങ്ങള്‍ക്കുമായി ഉപ്പാപ്പ എന്നെ പൂക്കാട്ടിരി(എടയൂര്‍)യില്‍ ഹാജി സാഹിബിന്റെ അടുത്തേക്ക് പറഞ്ഞുവിടുകയും ചെയ്യുമായിരുന്നു.

നേരത്തെ ഹാജി സാഹിബിന്റെ സഹോദരി തിത്തീമ ഉമ്മയെ ഇരിമ്പിളിയത്തെ നിണ്ടൂത്തൊടിയില്‍ പള്ളിക്കര ഹൈദ്രു മുസ്‌ലിയാര്‍ പുനര്‍വിവാഹം ചെയ്തിട്ടുണ്ടായിരുന്നു. പ്രശസ്തമായി നടന്നുവന്നിരുന്ന ഹൈദരിയ്യ വൈദ്യശാലയുടെ ഉടമയായിരുന്നു അദ്ദേഹം. കൂടാതെ ഹൈദരിയ്യ പ്രസ്, ഹൈദരിയ്യ സ്കൂള്‍ എന്നീ സ്ഥാപനങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. ധാരാളം കൃഷിയിടങ്ങളും പറമ്പുകളും ഉണ്ടായിരുന്നു. പൊതുവെ ദരിദ്രമായിരുന്ന അക്കാലത്ത് നാനാജാതി മതസ്ഥരും ക്ഷുത്തടക്കിയിരുന്നത് ആ വീട്ടില്‍ നിന്നായിരുന്നു. ഓണം, പെരുന്നാള്‍ ദിനങ്ങളില്‍ ഭക്ഷണ പദാര്‍ഥങ്ങളോടൊപ്പം വസ്ത്രങ്ങളും തന്റെ വകയായി നല്‍കിപ്പോന്നു. മലായ, സിംഗപ്പൂര്‍ എന്നിവിടങ്ങളിലേക്ക് ധാരാളം ആയുര്‍വേദ ഔഷധങ്ങള്‍ കയറ്റിയയച്ചിരുന്നു. പുരോഗമന ചിന്താഗതിക്കാരനും അത്യുദാരനും ആയിരുന്ന അദ്ദേഹം എല്ലാ ജനവിഭാഗത്തിന്റെയും അത്താണിയായി. ഹാജി സാഹിബിനെ ഉമറാബാദിലേക്ക് ഉപരിപഠനത്തിന് അയച്ചതിന്റെ എല്ലാ ചെലവുകളും അദ്ദേഹമാണ് വഹിച്ചിരുന്നത്.

തന്റെ സ്ഥാപനത്തിലെ വിശ്വസ്ത സേവകനും വലംകൈയുമായിരുന്നു അവറാന്‍ മൊല്ലാക്ക. എന്നാല്‍ ഹൈദ്രു മുസ്‌ലിയാരുടെ അകാല നിര്യാണത്തോടെ എല്ലാ പ്രഭാവങ്ങളും നിലച്ചുപോയി. ഹാജി സാഹിബിന്റെ സഹോദരിയിലുണ്ടായിരുന്ന മൂന്ന് പെണ്‍മക്കളുടെയും ഭാവി ഇരുളടഞ്ഞു. രാജകീയ ജീവിതം നയിച്ചിരുന്ന അവര്‍ക്ക് അധികനാള്‍ ആ വീട്ടില്‍ സ്വൈരജീവിതം

നയിക്കാൻ സാധിച്ചില്ല. അവർക്ക് അവിടെ നിൽക്കപ്പൊറുതി ഇല്ലെന്നു വന്നപ്പോൾ മൊല്ലാക്ക അവരെ രണ്ടു മൂന്നു ദിവസം തന്റെ വീട്ടിൽ കൊണ്ടുവന്ന് പാർപ്പിച്ചു. വിവരം രഹസ്യമായി ഹാജി സാഹിബിനെ അറിയിക്കുകയും ചെയ്തു. അദ്ദേഹം ഉടനെ അവരെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. മക്കളെ പിന്നീട് തിരൂരങ്ങാടി യത്തീം ഖാനയിൽ ചേർത്തു. മർഹൂം യു. മുഹമ്മദ് സാഹിബ് (വളാഞ്ചേരി) ആയിരുന്നു ഇതിനെല്ലാം ഒത്താശ ചെയ്തിരുന്നത്. സ്ഥാപനത്തിന്റെ സാരഥിയായിരുന്ന ഉമർ മൗലവി ഈ മക്കളെ കണ്ടപ്പോൾ 'ഹൈദ്രു മുസ്‌ലിയാരുടെ മക്കൾക്ക് ഈ ഗതി എത്തിയോ?' എന്നോർത്ത് പരിതപിച്ചു. യത്തീം ഖാനക്ക് കൈയയച്ച് സഹായം ചെയ്തിരുന്ന അത്യുദാരനായിരുന്നല്ലോ അദ്ദേഹം എന്നും അനുസ്മരിക്കുകയുണ്ടായി. ഉമർ മൗലവിയുടെയും ഭാര്യ ഫാത്തിമക്കുട്ടിയുടെയും പ്രത്യേക പരിഗണന അവർക്ക് ലഭിച്ചു.

അല്ലാഹുവിന്റെ മാർഗത്തിൽ ഇറങ്ങിത്തിരിച്ച് അതിനായി ജീവിതം സമർപ്പിച്ച ഹാജി സാഹിബ് മൂന്ന് മരുമക്കളെയും ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തകർക്ക് വിവാഹം ചെയ്തുകൊടുക്കുകയുണ്ടായി. മൂത്തയാൾ നഫീസുവിനെ ജമാഅത്തെ ഇസ്‌ലാമിയുടെ അന്നത്തെ ഓഫീസ് സൂക്ഷിപ്പുകാരനും പിന്നീട് അസി. അമീറുമായിരുന്ന അബ്ദുൽ അഹദ് തങ്ങൾക്കാണ് വിവാഹം ചെയ്തുകൊടുത്തത്. അതിനു താഴെയുള്ള റുഖിയ്യ അബുൽ ജലാൽ മൗലവിയുടെ ഭാര്യയാണ്. ഇളയവൾ സൈനബയെ വിവാഹം ചെയ്തത് ജമാഅത്തെ ഇസ്‌ലാമി അംഗവും വ്യാപാരിയുമായിരുന്ന ചേന്നര സ്വദേശി സി.പി കുഞ്ഞിമൂസ സാഹിബായിരുന്നു. അബുൽ ജലാലിന്റെ കൊറ്റ്യോടു(മണ്ണാർക്കാട്) ഉള്ള കൊടപ്പന ഓലകൊണ്ട് പൊതിഞ്ഞ വീടിനുള്ളിലേക്ക് കടക്കാൻ നന്നേ കുനിയേണ്ടിയിരുന്നു. ഈ സ്ഥിതി ഓർത്ത് കണ്ണീർ വാർക്കുമായിരുന്ന സഹോദരിയെ സാന്ത്വനപ്പെടുത്തിക്കൊണ്ട് ഹാജി സാഹിബ് പറയുമായിരുന്നു: "വിഷമിക്കേണ്ട; അവൻ നല്ലവനാണ്. അല്ലാഹു അനുഗ്രഹിക്കും." അല്ലാഹുവിന്റെ മാർഗത്തിൽ ഇറങ്ങിത്തിരിച്ചവർക്ക് അവൻ തന്റെ അപരിമേയമായ അനുഗ്രഹാശിസ്സുകൾ ഏതു തരത്തിലാണ് നൽകുക എന്ന് പിൻതലമുറക്ക് ചിന്തിക്കാൻ വക നൽകുന്നതാണ് ഇത്തരം സംഭവങ്ങൾ. ഹൈദ്രു മുസ്‌ലിയാർ താമസിച്ചിരുന്ന പള്ളിക്കര വീട് അന്യാധീനപ്പെട്ടെങ്കിലും ഇന്നും തൂതാപുഴ തീരത്ത് പൂർവ സ്ഥിതിയിൽതന്നെ നിലനിൽക്കുന്നു.

ഹാജി സാഹിബിന് ഈ പ്രദേശം നേരത്തെ അറിയാവുന്നതിനാലും ഇവിടത്തെ പുരോഗമന ചിന്താഗതിക്കാർക്ക് ഹാജി സാഹിബ് സുസമ്മതനായിരുന്നതിനാലും പഠാൻകോട്ടിൽനിന്ന് മടങ്ങി വന്ന ശേഷം ഇരിമ്പിളിയം കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനം. സ്വന്തംനിലക്കും മറ്റുള്ളവരെ ക്ഷണിച്ചുവരുത്തിയും പല പരിപാടികളും നടത്തിയിരുന്നു. വി.കെ.എം ഇസ്സുദ്ദീൻ മൗലവി, കെ.സി അബ്ദുല്ല മൗലവി, എ.കെ അബ്ദുൽ ഖാദിർ മൗലവി, അബുൽ ജലാൽ മൗലവി തുടങ്ങിയവരൊക്കെ ഇവിടെ പ്രവർത്തിച്ചവരാണ്. അബ്ദുല്ല വൈദ്യർ, അഹ്മദ് കുട്ടി വൈദ്യർ, മുഹമ്മദ് കുട്ടി എന്ന ബാപ്പു വൈദ്യർ എന്നിവരൊക്കെ ഹാജി സാഹിബിന് സഹായഹസ്തം നീട്ടിക്കൊടുത്തവരാണ്. ബാപ്പു വൈദ്യരുടെ പി.എം.എ കമ്പനി വൈദ്യശാലയുടെ മുകളിലത്തെ നില ഹാജി സാഹിബിന് ഒഴിഞ്ഞുകൊടുക്കുകയായിരുന്നു. അവിടെ നിന്നാണ് ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് (ഐ.പി.എച്ച്) പിറവി എടുത്തത്. *ഖുത്ബാത്ത്*, *ഇസ്‌ലാം മതം* എന്നീ പുസ്തകങ്ങൾ ഇടവാ പ്രസ്സിൽനിന്ന് അച്ചടിപ്പിക്കുന്നതിനുള്ള ചെലവിലേക്ക് ഒരു വിഹിതം ബാപ്പു വൈദ്യരും നൽകിയിട്ടുണ്ട്. അക്കാലത്തെ ജമാഅത്തിന്റെ വരവു ചെലവ് കണക്കുകൾ തയാറാക്കാൻ പി.



അബ്ദുൽഅഹദ് തങ്ങളുടെ ഭാര്യ നഫീസു



അബുൽജലാൽ മൗലവിയുടെ ഭാര്യ റുഖിയ



കുഞ്ഞിമൂസ സാഹിബിന്റെ ഭാര്യ സൈനബ

എം.എയിലെ ഗുമസ്തനായിരുന്ന പി.വി അബ്ദുർറഹ്മാൻ സാഹിബിനെയാണ് ഹാജി സാഹിബ് ചുമതലപ്പെടുത്തിയിരുന്നത്. 'ജമാഅത്തുൽ മുസ്തർശിദീ'ന്റെ ആഭിമുഖ്യത്തിൽ വളാഞ്ചേരിയിൽ ആഴ്ചതോറും നടത്തിവരാറുണ്ടായിരുന്ന ഹാജി സാഹിബിന്റെ പഠനക്ലാസ്സിൽ ഇവിടെ നിന്ന് ഏതാനും പേർ സ്ഥിരമായി പങ്കെടുത്തിരുന്നു. ആറു കിലോമീറ്ററോളം ദൂരമുള്ള വളാഞ്ചേരിയിലേക്ക് നടക്കുകയല്ലാതെ മറ്റു യാത്രാ സൗകര്യമൊന്നും ഉണ്ടായിരുന്നില്ല.

ഈ കാലത്ത് ഹാജി സാഹിബ് ഇവിടത്തെ പൗരമുഖ്യന്മാരുടെയും മഹല്ല് ഭാരവാഹികളുടെയും സമ്മതത്തോടെ എ.കെ അബ്ദുൽ ഖാദിർ മൗലവിയെ ഇരിമ്പിളിയം മഹല്ല് ജുമുഅത്ത് പള്ളിയിൽ മുദർരിസായി നിയമിച്ചു. പള്ളിയുടെ തട്ടിൻപുറത്തായിരുന്നു ദർസ് നടന്നിരുന്നത്. പി.കെ അബ്ദുല്ല മുസ്ലിയാർ എ.കെയുടെ സുഹൃത്തായി അന്ന് ഇവിടെയുണ്ടായിരുന്നു. നേരത്തെ സുന്നീ -വഹാബി തർക്കവിതർക്കങ്ങൾ കൊടുമ്പിരിക്കൊണ്ടിരുന്ന പ്രദേശമായിരുന്നു ഈ മഹല്ല്. ജുമുഅ നടത്തിയിരുന്നത് ഏതാനും ആഴ്ച സർക്കിൾ ഇൻസ്പെക്ടറുടെ സാന്നിധ്യത്തിലായിരുന്നു. അതെല്ലാം കെട്ടടങ്ങിയിരുന്നെങ്കിലും നേരത്തേ ഉണ്ടായിരുന്ന സാഹചര്യമോർത്ത് പലരും മൗലവിയോട് ആശങ്ക പ്രകടിപ്പിക്കുമ്പോൾ അദ്ദേഹം പറയും: "അവറാൻ മൊല്ലാക്ക ഇവിടെ ഉണ്ടാകുമ്പോൾ എനിക്കെന്തു പേടിക്കാനാ!" ഒന്നു രണ്ട് വർഷം ദർസ് നിലനിന്നു.

അക്കാലത്തെ പ്രഗത്ഭ പണ്ഡിതനും വാഗ്മിയുമായിരുന്ന മർഹൂം ഇസ്സുദ്ദീൻ മൗലവിയെ മുള്ള്യാകുർശി നിവാസികൾ പത്തു ദിവസത്തെ പ്രഭാഷണ പരമ്പരക്ക് ക്ഷണിച്ചു. ചുങ്കത്ത് നടത്തിയ ആ പരമ്പര മഹല്ലിൽ ഒരു പരിവർത്തനത്തിനു നാന്ദി കുറിച്ചു. മുള്ള്യാകുർശി മഹല്ല് ജമാഅത്തെ ഇസ്ലാമിയെ ഏറ്റുവാങ്ങാൻ പാകപ്പെട്ടിട്ടുണ്ടായിരുന്നു. മുള്ള്യാകുർശി പള്ളിയിലെ ഖത്വീബും മുദർരിസുമായി എ.കെ അബ്ദുൽ ഖാദിർ മൗലവി നിയമിതനായി. ഇതിനിടയിൽ ഇ.എസ്.എൽ.സി പാസ്സായ ഞാൻ ഹാജി സാഹിബിന്റെയും മാതൃപിതാവ് അവറാൻ മൊല്ലാക്കയുടെയും നിർദേശപ്രകാരം എ.കെയുടെ ദർസിൽ എത്തി. 1952-ലായിരുന്നു ഇത്. നാട്ടുകാരായ ആര്യാട്ടിൽ ഹുസൈൻ, കെ.പി സിദ്ദീഖ്, കെ.പി അബ്ദുൽ ജബ്ബാർ എന്നിവരും ഇസ്സുദ്ദീൻ മൗലവിയുടെ മക്കളായ അബ്ദുസ്സലാം, അബ്ദുർറശീദ് എന്നിവരും ഹാജി സാഹിബിന്റെ മരുമകൻ ടി. ജമാലുദ്ദീൻ സാഹിബും കൂട്ടിനുണ്ടായിരുന്നു. ദർസ് പിന്നീട് 'അൽമദ്റസത്തുൽ ഇസ്ലാമിയ്യ' യായും പിന്നീട് 'ശാന്തപുരം ഇസ്ലാമിയാ കോളേജാ'യും ഇന്ന് 'അൽജാമിഅ അൽ ഇസ്ലാമിയ്യയായും വളർന്നു. ■